REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-10-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **തൊഴിൽമേഖലയിലെ ഇന്ത്യയുടെ വനിതാ പങ്കാളിത്തത്തിൽ കഴിഞ്ഞ ആറു വർഷങ്ങളിൽ വൻ വർദ്ധനയുണ്ടായെന്ന് തൊഴിൽ മന്ത്രാലയം.**
- **2031 ൽ എല്ലാവർക്കും ആരോഗ്യ പരിരക്ഷ നൽകുന്ന സംസ്ഥാനമായി കേരളം മാറുമെന്ന് മന്ത്രി വീണാ ജോർജ്.**
- **പാലക്കാട് നെന്മാറ സജിത വധക്കേസിലെ പ്രതി ചെന്താമര കുറ്റക്കാരനാണെന്ന് അഡീഷണൽ ജില്ലാ കോടതി.**
- **തൃശൂർ പാലിയേക്കര ടോൾ പ്ലാസയിലെ ടോൾപിരിവ് ആവശ്യത്തിൽ,വെള്ളിയാഴ്ച ഉത്തരവ് പുറപ്പെടുവിക്കാമെന്ന് ഹൈക്കോടതി.**
- **കോൺഗ്രസിന്റെ വിശ്വാസ സംരക്ഷണ മേഖലാ ജാഥകൾക്ക് തുടക്കമായി.**
- **ഇന്ത്യ- വെസ്റ്റിൻഡീസ് ക്രിക്കറ്റ് ടെസ്റ്റ് പരമ്പര ഇന്ത്യയ്ക്ക്.**

## \ വാർത്തകൾ വിശദമായി

തൊഴിൽമേഖലയിലെ ഇന്ത്യയുടെ വനിതാ പങ്കാളിത്തത്തിൽ കഴിഞ്ഞ ആറു വർഷങ്ങളിൽ വൻ വർദ്ധനയുണ്ടായെന്ന് തൊഴിൽ മന്ത്രാലയം വെളിപ്പെടുത്തി. 2017-18 ൽ 23 ശതമാനമായിരുന്ന സ്ത്രീപങ്കാളിത്തം, 2023-24 ൽ 42 ശതമാനമായി ഉയർന്നു. വനിതകളുടെ സാമ്പത്തിക പരിണാമത്തിന്റെയും, വർദ്ധിച്ച പങ്കാളിത്തത്തിന്റെയും, നൈപുണ്യശേഷിയുടെയും മികവാണ് ഇതിന് കാരണമെന്ന് മന്ത്രാലയം വിലയിരുത്തി. വനിതകളിലെ നൈപുണ്യം വർദ്ധിപ്പിക്കാനും, വായ്പ ലഭ്യമാക്കാനും, ഔപചാരിക തൊഴിൽ രംഗത്ത്

അവരുടെ സാന്നിധ്യം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ട് നടപ്പാക്കിയ നയസംരംഭങ്ങളുടെ വിജയം കൂടിയാണിതെന്ന് മന്ത്രാലയം അറിയിച്ചു.

മത്സര പരീക്ഷകളിൽ വനിതകളുടെ ഫീസ് ഒഴിവാക്കിയതും, ഭാര്യയ്ക്കും ഭർത്താവിനും ഒരേ സ്ഥലത്ത് തൊഴിൽ ചെയ്യാൻ അവസരമൊരുക്കിയതും, 730 ദിവസത്തെ ശിശുപരിചരണ അവധി അനുവദിച്ചതും സ്ത്രീശാക്തീകരണത്തെ മെച്ചപ്പെടുത്താൻ സഹായിച്ചു. 2047 ഓടെ വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ സ്ത്രീകളുടെ വർദ്ധിച്ച തൊഴിൽ പങ്കാളിത്തം സഹായിക്കുമെന്നാണ് വിലയിരുത്തൽ.

✪✪✪

2027 ഓടെ രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന എല്ലാ മുനിസിപ്പൽ മാലിന്യങ്ങളും റോഡ് നിർമ്മാണത്തിന് ഉപയോഗിക്കാൻ നാഷണൽ ഹൈവേ അതോറിറ്റി പദ്ധതിയിടുന്നതായി കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. ചെന്നൈയ്ക്കടുത്ത് സ്വകാര്യ എഞ്ചിനീയറിംഗ് കോളേജിൽ ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. അഹമ്മദാബാദ് - പൂനെ ഹൈവേ നിർമ്മാണത്തിൽ ഉൾപ്പെടെ റോഡ് നിർമ്മാണത്തിന് ഇതിനകം 80 ലക്ഷം ടൺ മുനിസിപ്പൽ മാലിന്യം ഉപയോഗിച്ചതായി അദ്ദേഹം പറഞ്ഞു.

✪✪✪

ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ടത്തിനായി ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെയും വിവിപാറ്റുകളുടെയും ആദ്യ ഘട്ട പരിശോധന പൂർത്തിയായി. ദേശീയ, സംസ്ഥാന അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുടെ സാന്നിധ്യത്തിലാണ് നടപടിക്രമങ്ങൾ പൂർത്തിയാക്കിയതെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു .

✪✪✪

2031 ൽ എല്ലാവർക്കും ആരോഗ്യ പരിരക്ഷ നൽകുന്ന സംസ്ഥാനമായി കേരളം മാറുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. പത്തനംതിട്ട തിരുവല്ല ബിലിവേഴ്സ് കൺവെൻഷൻ സെന്ററിൽ വിഷൻ 2031 ആരോഗ്യ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേരളത്തെ ഹെൽത്ത് ഹബ്ബായി മാറ്റാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ഓരോ വർഷവും 88,000 പേർക്ക് കാൻസർ കണ്ടെത്തുന്നുണ്ടെന്നും, ഇത് കുറയ്ക്കാൻ നടപടിയെടുത്തുവരികയാണെന്നും അവർ പറഞ്ഞു.

ആരോഗ്യ രംഗത്തെ കഴിഞ്ഞ ദശകത്തിലെ നേട്ടങ്ങൾ' ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ N ഖോബ്രഗഡെ അവതരിപ്പിച്ചു.

ആരോഗ്യ രംഗത്തെ വിവിധ വിഷയങ്ങളിൽ അധിഷ്ഠിതമായ 10 പാനൽ ചർച്ചകളാണ് നാലു വേദികളിലായി സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

പാലക്കാട് നെന്മാറ സജിത വധക്കേസിലെ പ്രതി ചെന്താമര കുറ്റക്കാരനാണെന്ന് പാലക്കാട് അഡീഷണൽ ജില്ലാ കോടതി വിധിച്ചു. ശിക്ഷാ വിധി മറ്റന്നാളത്തേക്ക് മാറ്റി.

2019 ഓഗസ്റ്റ് 31-ന് അയൽവാസിയായ നെന്മാറ തിരുത്തംപാടത്ത് സജിതയെ വെട്ടിക്കൊലപ്പെടുത്തിയ ചെന്താമര ജാമ്യത്തിലിറങ്ങിയ ശേഷം 2025 ജനുവരി 27-ന് സജിതയുടെ ഭർത്താവ് സുധാകരൻ, അമ്മ ലക്ഷ്മി എന്നിവരെയും വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു.

✪✪✪

തൃശൂർ പാലിയേക്കര ടോൾ പ്ലാസയിൽ ടോൾപിരിവ് പുനഃരാരംഭിക്കണമെന്ന ദേശീയപാതാ അതോറിറ്റിയുടെ ആവശ്യത്തിൽ വെള്ളിയാഴ്ച ഉത്തരവ് പുറപ്പെടുവിക്കാമെന്ന് ഹൈക്കോടതി അറിയിച്ചു. മുരിങ്ങൂർ അടക്കം ഭാഗത്തെ ഗതാഗത കുരുക്ക് സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കാൻ തൃശൂർ ജില്ലാകലക്ടർക്ക് കോടതി നിർദ്ദേശം നൽകി.

✪✪✪

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലെ വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ അവസരം ഇന്ന് അവസാനിക്കും. കരട് വോട്ടർ പട്ടികയിൽ ഉൾപ്പെട്ട വോട്ടർമാർക്കും പുതുതായി പേര് ചേർക്കുന്നവർക്കും സവിശേഷ തിരിച്ചറിയൽ നമ്പർ നൽകും. അന്തിമ വോട്ടർപട്ടിക ഈ മാസം 25 ന് പ്രസിദ്ധീകരിക്കും. പ്രവാസി വോട്ടർമാർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാനും അവസരമുണ്ട്. sec.kerala.gov.in എന്ന വെബ്സൈറ്റ് വഴിയാണ് അപേക്ഷിക്കേണ്ടത്.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ വെള്ളിയാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത മുൻനിർത്തി ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. നാളെ നാല് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശമുണ്ട്.

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി വൈകിട്ട് അഞ്ചര മുതൽ രാത്രി പതിനൊന്നര വരെ തിരുവനന്തപുരം, കൊല്ലം തീരങ്ങളിൽ ഒരു മീറ്ററോളം ഉയരത്തിൽ തിരമാലകൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര

സ്ഥിതി പഠനകേന്ദ്രം അറിയിച്ചു. മത്സ്യ തൊഴിലാളികളും തീരവാസികളും ജാഗ്രത പാലിക്കണമെന്ന് നിർദേശമുണ്ട്.

✪✪✪

ഗൾഫ് രാജ്യങ്ങളിലെ സന്ദർശനത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തിരുവനന്തപുരത്ത് നിന്ന് യാത്ര തിരിക്കും. ബഹ്റിൻ, ഒമാൻ, ഖത്തർ, കുവൈത്ത്, UAE എന്നീ രാജ്യങ്ങളാണ് മുഖ്യമന്ത്രി സന്ദർശിക്കുന്നത്. മന്ത്രി സജി ചെറിയാനും ഒപ്പമുണ്ടായിരിക്കും.

✪✪✪

പമ്പയിൽ സംഘടിപ്പിച്ച ആഗോള അയ്യപ്പ സംഗമത്തിന് ചെലവായ തുകയുടെ വിശദാംശങ്ങൾ അടിയന്തരമായി പുറത്തു വിടണമെന്ന് കോൺഗ്രസ് വർക്കിങ് കമ്മിറ്റി അംഗം രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു. ഒറ്റ ദിവസത്തെ പരിപാടിക്ക് എട്ടുകോടി രൂപ ചെലവായത് വിശ്വസിക്കാൻ കഴിയുന്നില്ലെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. ഏതൊക്കെ ഇനത്തിലാണ് എട്ടുകോടി രൂപ ചെലവായതെന്നറിയാൻ ജനങ്ങൾക്ക് അവകാശമുണ്ടെന്നും രമേശ് ചെന്നിത്തല അറിയിച്ചു. ചെലവായ തുകയുടെ ഭൂരിപക്ഷവും വേണ്ടപ്പെട്ടവർക്ക് നൽകിയ കമ്മീഷനാണെന്നും ചെന്നിത്തല ആരോപിച്ചു.

കോട്ടയത്തെയും കുമരകത്തെയും നക്ഷത്ര ഹോട്ടലുകൾക്ക് ദേവസ്വംബോർഡ് ഫണ്ടിൽ നിന്ന് ലക്ഷക്കണക്കിന് രൂപയുടെ അഡ്വാൻസ് നൽകിയത് മാധ്യമങ്ങൾ പുറത്തുകൊണ്ടുവന്നതാണെന്നും താമസിച്ച VVIP കളുടെ പേര് ബോർഡ് വെളിപ്പെടുത്തണമെന്നും രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു.

✪✪✪

ഇന്ത്യ- വെസ്റ്റിൻഡീസ് ക്രിക്കറ്റ് ടെസ്റ്റ് പരമ്പര സ്വന്തമാക്കി ഇന്ത്യ. ഡൽഹിയിൽ ഇന്ന് രണ്ടാം ടെസ്റ്റിൽ വിൻഡീസിനെ ഏഴ് വിക്കറ്റിനാണ് ഇന്ത്യ തോൽപ്പിച്ചത്. അഞ്ചാം ദിവസം 121 റൺസ് വിജയലക്ഷ്യവുമായി ബാറ്റിംഗ് പുനഃരാരംഭിച്ച ഇന്ത്യ, മൂന്ന് വിക്കറ്റിന് 124 റൺസെടുത്തു. നാലാം ദിവസത്തെ കളി അവസാനിക്കുമ്പോൾ ഇന്ത്യ 63 റൺസെടുത്തിരുന്നു.

ഓപ്പണിംഗ് ബാറ്റർ KL രാഹുൽ 58 റൺസെടുത്ത് പുറത്താകാതെ നിന്നു. ഒന്നാം ഇന്നിംഗ്സിൽ 518 റൺസെടുത്ത് ഇന്ത്യ ഡിക്ലയർ ചെയ്യുകയായിരുന്നു. വെസ്റ്റിൻഡീസിന്റെ ഒന്നാം ഇന്നിംഗ്സ് 248 റൺസിന് അവസാനിച്ചു. വിൻഡീസ് രണ്ടാം ഇന്നിംഗ്സിൽ 390 റൺസെടുത്തു. ഇന്ത്യ- വിൻഡീസ് ടെസ്റ്റ് പരമ്പരയിൽ ഇന്ത്യയുടെ തുടർച്ചയായ പത്താം വിജയമാണിത്.

✪✪✪

ICC വനിതാ ഏകദിന ക്രിക്കറ്റിൽ ഇന്ന് ശ്രീലങ്ക ന്യൂസിലാന്റിനെ നേരിടും. വൈകിട്ട് മൂന്നിന് കൊളംബോയിലാണ് മത്സരം.

✪✪✪

കോഴിക്കോട് റവന്യൂ ജില്ലാ സ്കൂൾ കായിക മേളയുടെ ദീപശിഖാ പ്രയാണം ഉച്ച കഴിഞ്ഞ് വെസ്റ്റ് ഹിൽ സെന്റ് മൈക്കിൾസ് ഹയർ സ്കൂളിൽ നിന്ന് ആരംഭിക്കും. നാളെ മുതൽ 17 വരെ ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയത്തിലാണ് കായികമേള.

✪✪✪

കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നബാർഡ് RIDF പദ്ധതി പ്രകാരം ഒരു കോടി 39 ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിച്ച ഇടുക്കിയിലെ ആദ്യ സ്മാർട്ട് കൃഷി ഭവൻ പ്രവർത്തനം തുടങ്ങി. കർഷകർക്കായി നിരവധി അടിസ്ഥാന - ആധുനിക സൗകര്യങ്ങളാണ് സ്മാർട്ട് കൃഷിഭവനിൽ സജ്ജീകരിച്ചിരിക്കുന്നത്.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ....

.....(വോയ്സ് )....

✪✪✪

കണ്ണൂർ പെരളശേരിയിൽ വീടിനു നേരെ ബോംബേറുണ്ടായ സംഭവത്തിൽ പൊലീസ് കേസ് രജിസ്റ്റർ ചെയ്തു. BJP ഓഫിസിന് കെട്ടിടം വാടകയ്ക്ക് നൽകിയ സ്ത്രീയുടെ വീടിന് നേരെയാണ് കഴിഞ്ഞ ദിവസം രാത്രി ബോംബെറുണ്ടായത്. ബൈക്കിലെത്തിയ അജ്ഞാത സംഘം എറിഞ്ഞ ബോംബ് വീടിന് മുൻവശത്തെ കൈവരിയിൽ തട്ടി ഉഗ്രശബ്ദത്തോടെ പൊട്ടുകയായിരുന്നു. പെരളശേരി അമ്പലം റോഡിൽ നാളെ BJP ഓഫീസ് ഉദ്ഘാടനം ചെയ്യാനിരിക്കെയാണ് ബോംബേറുണ്ടായത്.

✪✪✪

സ്വർണ്ണവിലയിൽ ഇന്ന് വൻ വർധന. പവന് 2,400 രൂപ വർദ്ധിച്ച് 94,360 രൂപയിലെത്തി. 11,795 രൂപയാണ് ഗ്രാമിന്റെ വില.

✪✪✪

84-ാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസിന് തലശ്ശേരി ഗവ. ബ്രണ്ണൻ കോളജ് വേദിയാവും. ഡിസംബർ 28, 29, 30 തീയ്യതികളിലെ കോൺഗ്രസിന്റെ

സംഘാടക സമിതി രൂപീകരണ യോഗം രാജ്യാസഭാ M.P ഡോ.V.ശിവദാസൻ ഉദ്ഘാടനം ചെയ്തു.

✪✪✪

ഭീകരത, മതഭ്രാന്ത്, അക്രമം, അസഹിഷ്ണുത, എന്നിവയുടെ ഉറവിട രാജ്യമായി പാകിസ്ഥാൻ മാറിയെന്ന് N.K പ്രേമചന്ദ്രൻ MP പറഞ്ഞു. ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയിലെ ഡീ-കോളനൈസേഷൻ കമ്മിറ്റിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പാക് അധീന കശ്മീരിലെ ഗുരുതരമായ മനുഷ്യാവകാശ ലംഘനങ്ങൾ അവസാനിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിന് ചിഹ്നം അനുവദിച്ചത് സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികളുടെ പരാതിയിൽ നാളെ തിരുവനന്തപുരത്ത് തെരഞ്ഞെടുപ്പ് കമ്മീഷൻ ഹീയറിങ് നടത്തും. രാവിലെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ‘ജനഹിതം’ ഓഫീസിലാണ് ഹിയറിങ്.

✪✪✪

കണ്ണൂർ ആറളം, കൊട്ടിയൂർ വന്യജീവി സങ്കേതങ്ങളിൽ നടത്തിയ തുമ്പികളുടെ സർവ്വെയിൽ ഏഴ് പുതിയ ഇനങ്ങളെ കണ്ടെത്തി. ആറളം വൈൽഡ്‌ലൈഫ് ഡിവിഷന്റെ നേതൃത്വത്തിൽ പരിസ്ഥിതി സംഘടനകളുടെ സഹകരണത്തോടെയാണ് മൂന്ന് ദിവസത്തെ സർവ്വേ നടത്തിയത്.

✪✪✪

---

*News Editor & News Reader : വി കെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ, അനുഷ ആത്മപ്രകാശ്,*
*DEO : ഷീബ*